"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിത അതിദരിദ്ര ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി.ശോഭന കുമാരി (EPEP ID- 46089) എന്നവർക്ക് ഗ്രാമപഞ്ചായത്ത് കണ്ടെത്തിയ ഭൂമി അനുവദിക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2610/2025/LSGD തീയതി,തിരുവനന്തപുരം, 30-10-2025

---

പരാമർശം:-

1. 16/07/2021-ലെ സ.ഉ.(കൈ) നം.145/2021/തസ്വഭവ
2. 08/07/2022-ലെ സ.ഉ.(കൈ) നം.146/2022/തസ്വഭവ
3. പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.07.2025-ലെ 6(9) നമ്പർ തീരുമാനം.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.08.2025, 15.10.2025, 28.10.2025 തിയതികളിലെ LSGD/PD/24751/2025-SPMC1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരെയും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2021 -ൽ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. 2025 നവംബറോട് കൂടി സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയാക്കുക എന്നതാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.

2. പരാമർശം (1) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ 64006 കുടുംബങ്ങളെ ഈ പദ്ധതിയുടെ സഹായം ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്.

3. തുടർന്ന് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ വ്യകതികളേയും കുടുംബങ്ങളേയും അതിദരിദ്ര അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കുകയും ചെയ്തു.

4. പ്രസ്തുത മൈക്രോപ്ലാൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിത അതിദരിദ്ര ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി. ശോഭന കുമാരിക്ക് (EPEP ID- 46089) ടിയാളുടെ പിതാവ് 167/1997 നമ്പർ ധനനിശ്ചയ ആധാര പ്രകാരം നൽകിയിട്ടുള്ള 5.5 സെന്റ് വസ്തു (റീ-സർവ്വെ പ്രകാരം 2.00

ആർ) റവന്യൂ രേഖകൾ പ്രകാരം 535/4 എന്ന സർവ്വെ നമ്പരിൽ ഉൾപ്പെട്ടതാണ് എന്നും ടി ആധാരത്തിൽ 535/4 എന്നതിനു പകരം 535/6 എന്ന് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നും 535/6 എന്ന സർവ്വെ നമ്പരിൽ ഉൾപ്പെടുന്ന വസ്തു നിലവിൽശ്രീ. ജയകൃഷ്ണൻ എന്ന വ്യക്തിയുടെ പേർക്ക് പട്ടയം പിടിച്ച് കരം ഒടുക്കിവരുന്നതാണ് എന്നും ശ്രീ ജയകൃഷ്ണൻ, ടി ബാലകൃഷ്ണപിള്ളയുടെ ബന്ധുവോ കുടുംബാംഗമോ അല്ലാത്തതും ടി 2.00 ആർ വസ്തുവിൽ നിന്നും 1.21 ആർ വസ്തു 1993-ൽ ശ്രീ ബാലകൃഷ്ണപിള്ള ടിയാളുടെ മകൻ കൃഷ്ണൻ കുട്ടിയുടെ ഭാര്യയായ ശ്രീമതി. വസന്ത കുമാരിയുടെ പേർക്ക് വിലയാധാരമായി രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളതും ടി 1.21 ആർ വസ്തു വസന്തകുമാരിയുടെ പേർക്ക് പട്ടയം പിടിച്ച് കരം ഒടുക്കി വരുന്നതും ടി വസ്തുവിൽ വീട് നിർമ്മിച്ച് ടിയാൾ കുടുംബമായി താമസിച്ചു വരുന്നതുമാണ് എന്നും ടി 3 സെൻറ് വസ്തു ശ്രീമതി.ശോഭനകുമാരിയുടെ സഹോദരൻ അനധികൃതമായി കൈവശം വച്ചിരിക്കുന്നതല്ലാത്തതും ടി 3 സെൻറ് വസ്തു ശ്രീമതി.ശോഭനകുമാരിയുടെ പിതാവ് വിലയാധാരമായി നൽകിയതിനു ശേഷമാണ് ടി വസ്തു ഉൾപ്പെടെയുള്ള 2.00 ആർ വസ്തു 24-01-1997-ൽ 167/1997 നമ്പർ ആധാര പ്രകാരം ശ്രീമതി.ശോഭനകുമാരിക്ക് ധനനിശ്ചയമായി നൽകിയിട്ടുള്ളത് എന്നും ഈ സാഹചര്യത്തിൽ ടി ധനനിശ്ചയ ആധാരം ക്രമപ്രകാരമുള്ളതല്ലെന്നും ടി 1.21 ആർ വസ്തു ഒഴികെയുള്ള 9.4 മീറ്റർ നീളവും 7.3 മീറ്റർ വീതിയുമുള്ള ഏകദേശം 1.5 സെന്റ് വസ്തുവിലാണ് നിലവിൽ ശ്രീമതി.ശോഭനകുമാരി താമസിച്ചു വരുന്നത് എന്നും ടി വസ്തുവിനോട് ചേർന്ന് കിഴക്ക് വടക്ക് ഭാഗങ്ങൾ പൊതുവഴിയും പടിഞ്ഞാറ് ഭാഗം ശ്രീമതി ശോഭനകുമാരിയുടെ സഹോദരൻ കൃഷ്ണൻ കുട്ടിയുടെ വീടും സ്ഥിതി ചെയ്യുന്നതായും റവന്യൂ രേഖകൾ പ്രകാരം ടി വസ്തു വസുമതിയുടെ പേർക്കാണ് പട്ടയമുള്ളത് എന്നും ശ്രീ. ബാലകൃഷ്ണപിള്ളക്ക് ശ്രീമതി ശോഭനകുമാരി ശ്രീ കൃഷ്ണൻകുട്ടി എന്നിവർ കൂടാതെ ശ്രീ വേണു, ശ്രീമതി രാഗിണി എന്നിവർ കൂടെ മക്കളായുണ്ട് എന്നും ടിയാളുകൾക്ക് പ്രസ്തുത വസ്തുവിൽ അവകാശമുള്ളതും ബാലകൃഷ്ണ പിള്ള മരണപ്പെട്ടിട്ടുള്ളതും, ടിയാളുടെ പേരിൽ വസ്തുക്കൾ ഒന്നും തന്നെ നിലവിലില്ലാത്തതുമാകുന്നു എന്നും ഈ സാഹചര്യത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി വിതരണം ചെയ്യുന്നതിന് സ്വകാര്യ വ്യക്തിയിൽ നിന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് ദാനമായി ലഭിച്ച 20 സെൻ്റ് വസ്തുവിൽ നിന്നും 3 സെന്റ് ഭൂമി സൗജന്യമായി ടി ഗുണഭോക്താവിന്റെ പേർക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതിന് പെരുങ്കടവിള ഗ്രാമപഞ്ചായത്തിന് അനുമതി നല്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (3) പ്രകാരമുള്ള തീരുമാനവും പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിത അതിദരിദ്ര ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി. ശോഭന കുമാരിക്കും (EPEP ID- 46089) മറ്റ് അവകാശികൾക്കും കൂടി കൈവശമുള്ള ഭൂമിയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് ഭവന നിർമ്മാണം നടത്തുന്നതിന് സാധിക്കില്ലായെന്നത് പരിഗണിച്ച് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് ദാനമായി ലഭിച്ച 20 സെന്റ് വസ്തുവിൽ നിന്നും 3 സെന്റ് ഭൂമി സൗജന്യമായി ടി ഗുണഭോക്താവിന്റെ പേർക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതിന് പെരുങ്കടവിള ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, പെരുങ്കടവിള ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന )
ജില്ലാകളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐ.എ.1/250/2025-തസ്വഭവ Part-I)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 31-10-2025 10:41:31

സെക്ഷൻ ഓഫീസർ